16

സി.ജി(1)46770/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 16.10.2009

# സർക്കുലർ നമ്പർ 60/2009

വിഷയം: സഹകരണ വകുപ്പ് – സഹകരണ നിക്ഷേപം കേരളീയം 2009 ക്യാമ്പയിൻ – സംബന്ധിച്ച്.

സൂചന: ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29.9.09 ന് കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനം

സഹകരണ പ്രസ്ഥാനത്തിന് പുത്തൻ ഉണർവും ദിശാബോധവും നൽകിയ സഹകരണ നവരത്നം കേരളീയം കർമ്മ പരിപാടിയുടെ ഭാഗമായി കേരളപ്പിറവിയുമായി ബന്ധപ്പെടുത്തി എല്ലാ വർഷവും നവംബർ മാസത്തിൽ സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണ മാസമായി ആചരിക്കുകയും ആയതിനായി സഹകരണ നിക്ഷേപം കേരളീയം ക്യാമ്പയിൻ സംഘടിപ്പിച്ചും വരുന്നു. സഹകരണ നിക്ഷേപം കേരളീയം 2009 ക്യാമ്പയിൻ നവംബർ 1 മുതൽ 30 വരെ വിജയകരമായി സംഘടിപ്പിക്കുന്നതിന് ആവശ്യമായ പരിപാടികൾക്ക് സൂചന പ്രകാരം കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് രൂപം നൽകുകയുണ്ടായി. മേൽ സാഹചര്യത്തിൽ സഹകരണ നിക്ഷേപം കേരളീയം 2009 ക്യാമ്പയിന്റെ വിജയകരമായ നടത്തിപ്പിന് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 1.11.2009 മുതൽ 30.11.2009 വരെയാണ് സഹകരണ നിക്ഷേപം കേരളീയം 2009 ക്യാമ്പയിൻ കലായളവ്.

2. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും ക്യാമ്പയിനിൽ ഭാഗഭാക്കാകേണ്ടതാണ്.

3. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന തരത്തിൽ സംസ്ഥാന/ജില്ല/താലൂക്ക്/സംഘം തലങ്ങളിൽ ആവശ്യമായ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ജില്ലാതല കമ്മിറ്റികൾ 20.10.2009 ന് മുൻപും, താലൂക്ക് തല കമ്മിറ്റികൾ 24.10.2009 നു മുമ്പും, സംഘം/ബാങ്ക് തല കമ്മിറ്റികൾ 27.10.2009 ന് മുമ്പും കൂടാൻ ആവശ്യമായ നടപടികൾ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റികൾ ദ്വൈവാര അവലോകന യോഗങ്ങൾ ചേർന്ന് പുരോഗതി വിലയിരുത്തേണ്ടതാണ്.

4. സഹകരണ നിക്ഷേപം കേരളീയം 2009 ന്റെ ലക്ഷ്യം 2000 കോടി രൂപയാണ്. ജില്ല തിരിച്ചുള്ള ലക്ഷ്യം സർക്കുലറിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരമായിരിക്കും.

5. സംഘങ്ങളെ/ബാങ്കുകളെ തെരഞ്ഞെടുക്കുമ്പോൾ പ്രവർത്തന രഹിതവും ഗുരുതരമായ സ്വഭാവത്തിലുള്ള പണാപഹരണം/ക്രമക്കേടുകൾ എന്നിവ നടത്തിയിട്ടുള്ള സഹകരണ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6. നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദ്ദേശത്തിലെ നിരക്കിൽ അധികരിച്ച് പലിശ നൽകുവാൻ പാടുള്ളതല്ല.

ഇപ്പോൾ ഇത് 29.7.2009 ലെ 39/09 നമ്പർ സർക്കുലർ പ്രകാരമുള്ളതായിരിക്കുന്നതാണ്.

7. ക്യാമ്പയിന്റെ ഭാഗമായി സംഘംതല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഭരണസമിതി അംഗങ്ങളുടെയും ജീവനക്കാരുടെയും നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തേണ്ടതും, പരമാവധി നിക്ഷേപം സമാഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതുമാണ്.

8. 'ഒരു ഭവനത്തിൽ നിന്നും ഒരു അക്കൗണ്ട്' എങ്കിലും എന്ന തത്വം പ്രവർത്തികമാക്കുന്നതിന് ഇനിയും ബാക്കി നിൽപ്പുള്ള സംഘങ്ങൾ/ബാങ്കുകൾ ക്യാമ്പയിന്റെ ഭാഗമായി ആയത് പ്രാവർത്തികമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതാണ്. ഇതിനായി നോഫ്രിൽ അക്കൗണ്ടുകൾ ആരംഭിക്കാവുന്നതാണ് (സർക്കുലർ നമ്പർ 48/07).

9. ചെറുകിട ഹ്രസ്വകാല നിക്ഷേപങ്ങൾ/ലഘു നിക്ഷേപങ്ങൾ എന്നിവ പരമാവധി സമാഹരിക്കുന്നതിന് സംഘങ്ങൾ/ബാങ്കുകൾ പ്രാധാന്യം നൽകേണ്ടതാണ്.

10. പ്രവർത്തന പരിധിയിലെ ഒരു ഭവനത്തിൽ നിന്നും ഒരാളെയെങ്കിലും സംഘത്തിൽ അംഗമാക്കുന്നതിനും നിക്ഷേപം, വായ്പ, ചിട്ടി, എം.ഡി.എസ് തുടങ്ങി ഏതെങ്കിലും തരത്തിലുള്ള ഇടപാട് സംഘവുമായി ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഓരോ പ്രാഥമിക ബാങ്കുകളുടെയും പ്രവർത്തന പരിധിയിലുള്ള വിദ്യാലയങ്ങൾ, ഭവനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവടങ്ങളിലെ നിക്ഷേപങ്ങൾ സമാഹരിക്കുന്നതിന് സംഘം തലത്തിൽ ഭരണ സമിതി അംഗങ്ങളും ജീവനക്കാരും പങ്കെടുത്ത് ക്യാമ്പയിൻ സംഘടിപ്പിക്കേണ്ടതാണ്.

11. ക്യാമ്പയിന്റെ ഭാഗമായി വാർഡ്തല നിക്ഷേപ സൗഹൃദ സദസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. മുതിർന്ന പൗരന്മാർക്ക് അധിക പലിശ നിരക്ക് നൽകുന്ന സാഹചര്യത്തിൽ അവരെ നേരിൽ കണ്ട് നിക്ഷേപം നടത്തുന്നതിനാവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

12. സഹകരണ നിക്ഷേപം കേരളീയം 2009 ന്റെ ഭാഗമായി പ്രാഥമിക ബാങ്ക്, സർക്കിൾ, ജില്ലാ തലങ്ങളിൽ നിക്ഷേപം സ്വീകരിക്കുന്ന പൊതു പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

13. ക്യാമ്പയിന്റെ വിജയകരമായ നടത്തിപ്പിനുള്ള പ്രവർത്തനങ്ങൾ ഏകോപ്പിക്കുന്നതിനുള്ള ചുമതല ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാരും, താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാരും നിർവ്വഹിക്കേണ്ടതാണ്. ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), അസിസ്റ്റന്റ് രജിസ്ട്രാർമാർ (ജനറൽ, വാല്യുവേഷൻ ആഫീസർ), അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്), ഇൻസ്പെക്ടർ, ആഡിറ്റർ ഉൾപ്പെടെ സഹകരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും യജ്ഞത്തിന്റെ മുൻനിര പ്രവർത്തനം ഏറ്റെടുക്കേണ്ടതാണ്.

14. സംഘങ്ങളുടെ ലക്ഷ്യം, ഇൻസ്പെക്ടർമാർക്ക് ചുമതല എന്നിവ വീതിച്ചു നൽകുന്നതിനുള്ള നടപടികൾ ജോയിന്റ് രജിസ്ട്രാർ (ജനറൽ) സ്വീകരിക്കേണ്ടതാണ്.

15. ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്) നെ സംസ്ഥാനതല നോഡൽ ഓഫീസറായി

ചുമതലപ്പെടുത്തുന്നു. ഇതിനു പുറമെ ഈ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർമാർക്ക് ചുവടെപ്പറയും പ്രകാരം ഓരോ ജില്ലയുടെയും ചുമതല നിശ്ചയിച്ചു നൽകുന്നു.

| | | |
|---|---|---|
| എ) | അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) – | ഇടുക്കി, വയനാട്, കോഴിക്കോട് |
| ബി) | അഡീഷണൽ രജിസ്ട്രാർ (ജനറൽ) | കൊല്ലം, തിരുവനന്തപുരം |
| സി) | അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ) | എറണാകുളം, പത്തനംതിട്ട, ആലപ്പുഴ |
| ഡി) | അഡീഷണൽ രജിസ്ട്രാർ (ഐ.സി.ഡി.പി) | തൃശൂർ, കണ്ണൂർ, കാസറഗോഡ് |
| ഇ) | ജോയിന്റ് രജിസ്ട്രാർ (എസ്.സി/എസ്.ടി) | പാലക്കാട്, മലപ്പുറം, കോട്ടയം |

16. ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാറെ (ഭരണം) ക്യാമ്പയിന്റെ ജില്ലാതല നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് ആവശ്യപ്പെടുന്ന വിവരങ്ങളും ദൈനംദിന പുരോഗതി റിപ്പോർട്ടും സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം നോഡൽ ഓഫീസർമാർക്കായിരിക്കും. ഇക്കാര്യത്തിൽ നോഡൽ ഓഫീസർമാർ വ്യക്തിപരമായി ശ്രദ്ധിക്കേണ്ടതും കണക്കിലെ കൃത്യത ഉറപ്പു വരുത്തി വീഴ്ചകൾ സംഭവിക്കാതെ ശ്രദ്ധിക്കേണ്ടതുമാണ്.

17. സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവ മുഖാന്തിരം വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

18. സർക്കിൾതല ചുമതല വഹിക്കുന്ന അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), സർക്കിൾ പരിധിയിലുള്ള മുഴുവൻ സഹകരണ സംഘങ്ങളുടെയും അതാതു ദിവസത്തെ നിക്ഷേപ വിവരങ്ങൾ യൂണിറ്റ് ഇൻസ്പെക്ടർമാർ മുഖേന ശേഖരിച്ച്, സർക്കിൾ തലത്തിൽ ക്രോഡീകരിച്ച് അതാത് ദിവസം ജില്ലാതല നോഡൽ ഓഫീസറായ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)ക്ക് സമർപ്പിക്കേണ്ടതാണ്. നോഡൽ ഓഫീസർ ജില്ലാതല നിക്ഷേപക്കണക്കുകൾ ക്രോഡീകരിച്ച് അതാത് ദിവസമോ, പിറ്റേന്ന് രാവിലെയോ ഫാക്സ് മുഖാന്തിരം സഹകരണ സംഘം രജിസ്ട്രാറെ അറിയിക്കേണ്ടതുമാണ്. സർക്കിൾ തലത്തിൽ സംഘങ്ങൾ/ബാങ്കുകളുടെ നിക്ഷേപ വിവരങ്ങൾ അതാതു സംഘങ്ങളുടെ ചാർജുള്ള യൂണിറ്റ് ഇൻസ്പെക്ടർമാർ മുഖേന തന്നെ ശേഖരിക്കേണ്ടതും ആയത് ക്രോഡീകരിച്ച് നൽകുന്നതിന് സർക്കിൾ/ജില്ലാ തലത്തിൽ ഒരു ഇൻസ്പെക്ടർക്ക് ചുമതല നൽകാവുന്നതുമാണ്.

19. ജില്ലാ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശാഖകളിൽ നിന്ന് ശേഖരിച്ച് ജില്ലാ തലത്തിൽ ക്രോഡീകരിച്ച് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ പകർപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് ഫാക്സ് മുഖാന്തിരം അതാതു ദിവസം തന്നെ സമർപ്പിക്കേണ്ടതുമാണ്. ആയതിന് വേണ്ട ക്രമീകരണങ്ങൾ ജനറൽ മാനേജർമാർ ഏർപ്പെടുത്തേണ്ടതാണ്.

20.സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപ വിവരങ്ങൾ ശാഖകളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് അതാത് ദിവസം തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നേരെട്ടോ, ഫാക്സ് മുഖേനയോ സമർപ്പിക്കേണ്ടതാണ്.

21. പ്രാഥമിക/ജില്ലാ/സംസ്ഥാന സഹകണ ബാങ്കുകളുടേത് ഉൾപ്പെടെ എല്ലാ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെയും 31.10.2009 ലെ നിക്ഷേപ ബാക്കി നിൽപ്പ് 5.11.2009 ന് മുമ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

22.ക്യാമ്പയിന്റെ ദൈനംദിന പുരോഗതി റിപ്പോർട്ട് അതാതു ദിവസം ഇതോടൊപ്പം അടക്കം ചെയ്തിരിക്കുന്ന പ്രൊഫോർമയിൽ ചുവടെ പറയുന്ന നമ്പരുകളിൽ ഫാക്സ് മുഖാന്തിരമോ, ഫോൺ മുഖാന്തിരമോ അറിയിക്കേണ്ടതാണ്.

0471–2330726
0471–2331587
0471–2330825
0471–2331992
} എക്സ്റ്റൻഷൻ–281

ഫാക്സ് നമ്പർ 0471–2331513
നോഡൽ ഓഫീസർ (ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്))

0471–2330726
0471–2331587
0471–2330825
0471–2331992
} എക്സ്റ്റൻഷൻ–212
മൊബൈൽ – 9995435290

## സംസ്ഥാന, ജില്ല, താലൂക്ക്, സംഘംതല കമ്മിറ്റി ഘടന

### I സംസ്ഥാനതല കമ്മിറ്റി

| | | |
|---|---|---|
| 1. | ബഹുമാനപ്പെട്ട സഹകണ വകുപ്പ് മന്ത്രി | ചെയർമാൻ |
| 2. | അഡീഷണൽ ചീഫ് സെക്രട്ടറി, സഹകരണ വകുപ്പ് | അംഗം |
| 3. | ഗവൺമെന്റ് സെക്രട്ടറി, സഹകരണ വകുപ്പ് | അംഗം |
| 4. | പ്രസിഡന്റ് കേരള സംസ്ഥാന സഹകരണ ബാങ്ക് | അംഗം |
| 5. | ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ | അംഗം |
| 6. | ഡയറക്ടർ, സഹകരണ ആഡിറ്റ് | അംഗം |
| 7. | മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് | അംഗം |
| 8. | ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമാർ | അംഗം |
| 9. | ചെയർമാൻ, കേരള അർബൻ കോ–ഓപ്പറേറ്റീവ് ബാങ്ക്സ് ഫെഡറേഷൻ | അംഗം |
| 10. | പ്രസിഡന്റ്, പ്രൈമറി കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ | അംഗം |
| 11. | സഹകരണ സംഘം രജിസ്ട്രാർ | കൺവീനർ |

### II. ജില്ലാതല കമ്മിറ്റി

| | | |
|---|---|---|
| 1. | ജില്ലയെ പ്രതിനിധീകരിക്കുന്ന എം.പി മാർ | രക്ഷാധികാരി |
| 2. | ജില്ലയിലെ എം.എൽ.എ മാർ | രക്ഷാധികാരി |

| | | |
|---|---|---|
| 3. | ജില്ലാ കളക്ടർ | രക്ഷാധികാരി |
| 4. | പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് | രക്ഷാധികാരി |
| 5. | ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് | ചെയർമാൻ |
| 6. | മുൻസിപ്പൽ ചെയർമാൻമാർ | അംഗം |
| 7. | ബ്ലോക്ക് പഞ്ചായത്ത് പ്രസഡന്റുമാർ | അംഗം |
| 8. | സംസ്ഥാന സഹകരണ ബാങ്കിന്റെ ജില്ലയെ പ്രതിനിധീകരിക്കുന്ന ഡയറക്ടർ ബോർഡ് മെമ്പർ | അംഗം |
| 9. | ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർമാർ | അംഗം |
| 10. | ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ പ്രസിഡന്റ്/സെക്രട്ടറി | അംഗം |
| 11. | പി.എ.സി.എസ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ്/സെക്രട്ടറി | അംഗം |
| 12. | ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്) | അംഗം |
| 13. | സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ | അംഗം |
| 14. | അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർ | അംഗം |
| 15. | അസിസ്റ്റന്റ് ഡയക്ടർ (ആഡിറ്റ്) | അംഗം |
| 16. | ജോയിന്റ് രജിസ്ട്രാർ (ജനറൽ) | കൺവീനർ |

## III താലൂക്ക്തല കമ്മിറ്റികൾ

| | | |
|---|---|---|
| 1. | എം.എൽ.എ മാർ/എം.പി മാർ | രക്ഷാധികാരി |
| 2. | മുൻസിപ്പൽ ചെയർമാൻമാർ/മേയർ | രക്ഷാധികാരി |
| 3. | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ | രക്ഷാധികാരി |
| 4 | ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ | രക്ഷാധികാരി |
| 5. | ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ | ചെയർമാൻ |
| 6. | ആർ.ഡി.ഒ/തഹസിൽദാർ | അംഗം |
| 7. | എല്ലാ പി.എ.സി.എസ്/പി.സി.എ.ആർ.ഡി.ബി പ്രസിഡന്റുമാർ | അംഗം |
| 8. | താലൂക്കിലെ അർബൻ ബാങ്ക് പ്രസിഡന്റുമാർ | അംഗം |
| 9. | അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) | അംഗം |
| 10. | അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) | കൺവീനർ |

## IV സംഘം/ബാങ്ക്തല കമ്മിറ്റി

| | | |
|---|---|---|
| 1. | ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് | രക്ഷാധികാരി |
| 2. | പ്രാഥമിക സഹകരണ സംഘം/ബാങ്ക് പ്രസിഡന്റ് | ചെയർമാൻ |
| 3. | പ്രവർത്തന പരിധിയിലെ ത്രിതല പഞ്ചായത്ത് അംഗങ്ങൾ | അംഗം |
| 4. | സംഘം/ബാങ്ക് ഭരണ സമിതി അംഗങ്ങൾ | അംഗം |
| 5. | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | അംഗം |
| 6. | ജില്ലാ ബാങ്ക് ഇൻസ്പെക്ടർ | അംഗം |
| 7. | കൃഷി ഓഫീസർ | അംഗം |
| 8. | യൂണിറ്റ് ഇൻസ്പെക്ടർ | അംഗം |
| 9 | സംഘം/ബാങ്ക് ഓഡിറ്റർ | അംഗം |
| 10. | സഹകരണ സംഘം/ബാങ്ക് സെക്രട്ടറി | കൺവീനർ |

## ടാർജറ്റ്

| ക്രമ നം | ജില്ല | തുക (കോടിയിൽ) |
|---|---|---|
| 1. | തിരുവനന്തപുരം | 150.00 |
| 2. | കൊല്ലം | 150.00 |
| 3. | പത്തനംതിട്ട | 50.00 |
| 4. | ആലപ്പുഴ | 130.00 |
| 5. | കോട്ടയം | 200.00 |
| 6. | ഇടുക്കി | 100.00 |
| 7. | എറണാകുളം | 200.00 |
| 8. | തൃശൂർ | 200.00 |
| 9. | പാലക്കാട് | 115.00 |
| 10. | മലപ്പുറം | 115.00 |
| 11. | കോഴിക്കോട് | 200.00 |
| 12. | വയനാട് | 40.00 |
| 13. | കണ്ണൂർ | 200.00 |
| 14 | കാസർഗോഡ് | 100.00 |
| 15. | സംസ്ഥാന സഹകരണ ബാങ്ക് | 50.00 |
| | ആകെ | 2000.00 |

ഒപ്പ്
**റാണിജോർജ്ജ് ഐ.എ.എസ്.**
**സഹകരണസംഘം രജിസ്ട്രാർ**

പകർപ്പ്

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
4. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
5. എല്ലാ ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റ് മാർക്കും (കേരള സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകളും)
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും, ജോയിന്റ് രജിസ്ട്രാർ (ജനറൽ)മുഖേന
7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും, ജോയിന്റ് ഡയറക്ടർ മുഖേന
8. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
10. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്, തിരുവനന്തപുരം
11. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും
12. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
13. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
14. സ്റ്റോക്ക് ഫയൽ
15. സ്പെയർ

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)

## സഹകരണ നിക്ഷേപം കേരളീയം 2009

### പ്രൊഫോർമ - 1

### (പ്രാഥമിക വായ്പാ സംഘങ്ങൾ/ബാങ്കുകളുടെ വിവരങ്ങൾ)

(തുക ലക്ഷത്തിൽ)

| | | | | | |
|---|---|---|---|---|---|
| 1. | ജില്ല | | | | |
| 2. | സർക്കിളുകളുടെ എണ്ണം | | | | |
| 3. | സംഘങ്ങളുടെ എണ്ണം | | | | |
| 4. | നിശ്ചയിച്ചു നൽകിയ ടാർജറ്റ് | | | | |
| 5 | നിക്ഷേപ ബാക്കി നിൽപ്പ് (31-10-2009) | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | | | | | |
| 6. | അക്കൗണ്ടുകളുടെ എണ്ണം (31-10-2009) | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)

## സഹകരണ നിക്ഷേപം കേരളീയം 2009

### പ്രൊഫോർമ - 2

### (ബി.ആർ ആക്ടിന്റെ പരിധിയിൽ വരുന്ന അർബൻ ബാങ്കുകളെ സംബന്ധിച്ച വിവരങ്ങൾ)

(തുക ലക്ഷത്തിൽ)

| | | | | | |
|---|---|---|---|---|---|
| 1. | ജില്ല | | | | |
| 2. | ബാങ്കുകളുടെ എണ്ണം | | | | |
| 3. | നിശ്ചയിച്ചു നൽകിയ ടാർജറ്റ് | | | | |
| 4. | നിക്ഷേപ ബാക്കി നിൽപ്പ് (31-10-2009) | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | | | | | |
| 5. | അക്കൗണ്ടുകളുടെ എണ്ണം (31-10-2009) | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)

## സഹകരണ നിക്ഷേപം കേരളീയം 2009

പ്രൊഫോർമ – 3

(എംപ്ലോയീസ് സംഘങ്ങളും മറ്റ് വായ്പാ സംഘങ്ങളും സംബന്ധിച്ച വിവരങ്ങൾ)

(തുക ലക്ഷത്തിൽ)

| | | | | | |
|---|---|---|---|---|---|
| 1. | ജില്ല | | | | |
| 2. | സംഘങ്ങളുടെ എണ്ണം | | | | |
| 4. | നിശ്ചയിച്ചു നൽകിയ ടാർജറ്റ് | | | | |
| 5 | നിക്ഷേപ ബാക്കി നിൽപ്പ് (31-10-2009) | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | | | | | |
| 6. | അക്കൗണ്ടുകളുടെ എണ്ണം (31-10-2009) | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)

## സഹകരണ നിക്ഷേപം കേരളീയം 2009

പ്രൊഫോർമ – 4

(ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ച വിവരങ്ങൾ)

(തുക ലക്ഷത്തിൽ)

| | | | | | |
|---|---|---|---|---|---|
| 1. | ബാങ്കിന്റെ പേര് | | | | |
| 2. | നിശ്ചയിച്ചു നൽകിയ ടാർജറ്റ് | | | | |
| 3. | നിക്ഷേപ ബാക്കി നിൽപ്പ് | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | (31-10-2009) എ)വ്യക്തിഗതവും, സ്ഥാപനവും (സഹകരണ സംഘങ്ങളുടേതൊഴികെ) | | | | |
| | ബി)സഹകരണ സ്ഥാപനങ്ങളുടേത് | | | | |
| | സി) ആകെ | | | | |
| 4. | അക്കൗണ്ടുകളുടെ എണ്ണം (31-10-2009) എ)വ്യക്തിഗതവും, സ്ഥാപനവും (സഹകരണ സംഘങ്ങളുടേതൊഴികെ) | | | | |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | |
| | സി) ആകെ | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)

## സഹകരണ നിക്ഷേപം കേരളീയം 2009

പ്രൊഫോർമ - 1 എ

(പ്രാഥമിക വായ്പാ സംഘങ്ങൾ/ബാങ്കുകളുടെ ദൈനംദിന പുരോഗതി റിപ്പോർട്ട്)

തീയതി.........................................

(തുക ലക്ഷത്തിൽ)

| | | | | | |
|---|---|---|---|---|---|
| 1. | ജില്ല | | | | |
| 2. | നിക്ഷേപ ബാക്കി നിൽപ്പ് (31-10-2009) | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| 3. | നിക്ഷേപ ബാക്കി നിൽപ്പ് നാളിതു തീയതി................ | | | | |
| 4. | അറ്റ വർദ്ധന നാളിതു തീയതി.............................. | | | | |
| 5. | അക്കൗണ്ടുകളുടെ എണ്ണം (31-10-2009) | | | | |
| 6. | അക്കൗണ്ടുകളുടെ എണ്ണം നാളിതു തീയതി.............. | | | | |
| 7. | അറ്റ വർദ്ധന നാളിതു തീയതി.............................. | | | | |
| 8. | നാളിതുവരെ ആകെ നിക്ഷേപം വരവ് | | | | |
| 9. | നാളിതുവരെ ആകെ നിക്ഷേപം പിൻവലിച്ചത് | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)

## സഹകരണ നിക്ഷേപം കേരളീയം 2009

### പ്രൊഫോർമ – 2 എ

(ബി.ആർ ആക്ടിന്റെ പരിധിയിൽ വരുന്ന അർബൻ ബാങ്കുകളുടെ ദൈനംദിന പുരോഗതി റിപ്പോർട്ട്)

തീയതി.........................................

(തുക ലക്ഷത്തിൽ)

| | | | | | |
|---|---|---|---|---|---|
| 1. | ജില്ല | | | | |
| 2. | നിക്ഷേപ ബാക്കി നിൽപ്പ് (31-10-2009) | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| 3. | നിക്ഷേപ ബാക്കി നിൽപ്പ് നാളിതു തീയതി................ | | | | |
| 4. | അറ്റ വർദ്ധന നാളിതു തീയതി............................ | | | | |
| 5. | അക്കൗണ്ടുകളുടെ എണ്ണം (31-10-2009) | | | | |
| 6. | അക്കൗണ്ടുകളുടെ എണ്ണം നാളിതു തീയതി.............. | | | | |
| 7. | അറ്റ വർദ്ധന നാളിതു തീയതി............................ | | | | |
| 8. | നാളിതുവരെ ആകെ നിക്ഷേപം വരവ് | | | | |
| 9. | നാളിതുവരെ ആകെ നിക്ഷേപം പിൻവലിച്ചത് | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)

## സഹകരണ നിക്ഷേപം കേരളീയം 2009

### പ്രൊഫോർമ – 3 എ

(ബി.ആർ ആക്ടിന്റെ പരിധിയിൽ വരുന്ന അർബൻ ബാങ്കുകളുടെ ദൈനംദിന പുരോഗതി റിപ്പോർട്ട്)

തീയതി..........................................

(തുക ലക്ഷത്തിൽ)

| | | | | | |
|---|---|---|---|---|---|
| 1. | ജില്ല | | | | |
| 2. | നിക്ഷേപ ബാക്കി നിൽപ്പ് (31-10-2009) | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| 3. | നിക്ഷേപ ബാക്കി നിൽപ്പ് നാളിതു തീയതി............... | | | | |
| 4. | അറ്റ വർദ്ധന നാളിതു തീയതി............................. | | | | |
| 5. | അക്കൗണ്ടുകളുടെ എണ്ണം (31-10-2009) | | | | |
| 6. | അക്കൗണ്ടുകളുടെ എണ്ണം നാളിതു തീയതി............... | | | | |
| 7. | അറ്റ വർദ്ധന നാളിതു തീയതി............................. | | | | |
| 8. | നാളിതുവരെ ആകെ നിക്ഷേപം വരവ് | | | | |
| 9. | നാളിതുവരെ ആകെ നിക്ഷേപം പിൻവലിച്ചത് | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ (ജനറൽ)

## സഹകരണ നിക്ഷേപം കേരളീയം 2009

പ്രൊഫോർമ - 4 എ

(ജില്ലാ സഹകരണ ബാങ്കുകളുടെ ദൈനംദിന പുരോഗതി റിപ്പോർട്ട്)

തീയതി.........................................

(തുക ലക്ഷത്തിൽ)

| | | | | | |
|---|---|---|---|---|---|
| 1. | ജില്ല | | | | |
| 2. | നിക്ഷേപ ബാക്കി നിൽപ്പ് (31-10-2009) | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | എ)വ്യക്തിഗതവും, സ്ഥാപനവും(സഹകരണ സംഘങ്ങളുടേതൊഴികെ) | | | | |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | |
| | സി) ആകെ | | | | |
| 3. | നിക്ഷേപ ബാക്കി നിൽപ്പ് നാളിതു തീയതി.............. എ)വ്യക്തിഗതവും, സ്ഥാപനവും(സഹകരണ സംഘങ്ങളുടേതൊഴികെ) | | | | |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | |
| | സി) ആകെ | | | | |
| 4. | അറ്റ വർദ്ധന നാളിതു തീയതി.............................. എ)വ്യക്തിഗതവും, സ്ഥാപനവും(സഹകരണ സംഘങ്ങളുടേതൊഴികെ) | | | | |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | |
| | സി) ആകെ | | | | |
| 5. | അക്കൗണ്ടുകളുടെ എണ്ണം(31-10-2009) | | | | |
| 6. | അക്കൗണ്ടുകളുടെ എണ്ണം നാളിതു തീയതി.............. | | | | |
| 7. | അറ്റ വർദ്ധന നാളിതു തീയതി.............................. | | | | |
| 8. | നാളിതുവരെ ആകെനിക്ഷേപം വരവ് എ)വ്യക്തിഗതവും, സ്ഥാപനവും(സഹകരണ സംഘങ്ങളുടേതൊഴികെ) | | | | |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | |
| | സി) ആകെ | | | | |
| 9. | നാളിതുവരെ ആകെ നിക്ഷേപം പിൻവലിച്ചത് എ)വ്യക്തിഗതവും, സ്ഥാപനവും(സഹകരണ സംഘങ്ങളുടേതൊഴികെ) | | | | |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | |
| | സി) ആകെ | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം).
നോഡൽ ഓഫീസർ

**ജോയിന്റ് രജിസ്ട്രാർ (ജനറൽ)**